**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 426** **23-02-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 3 കോടി രൂപ വീതം അനുവദിച്ച സ്കൂളുകൾക്ക് ഡി.എസ്.ആർ. (Delhi Schedule of Rates) മാറിയതിനാൽ എസ്റ്റിമേറ്റിൽ വരുന്ന അധികതുക അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള 3 കോടി രൂപ സ്കൂളുകളുടേയും, കിഫ്ബി അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതും എന്നാൽ ടെന്റർ ചെയ്യിട്ടില്ലാത്തതുമായ 3 കോടി രൂപ സ്കൂളുകളുടേയും ഡി.എസ്.ആർ (Delhi Schedule of Rates) മാറുന്നതിലൂടെ എസ്റ്റിമേറ്റിൽ ഉണ്ടാകാവുന്ന അധിക തുക (ജി.എസ്.റ്റി ഉൾപ്പെടെ) കിഫ്ബി മുഖേന അനുവദിക്കുന്നതാണ്. |
| (ബി) | കിലയെ എസ്.പി.വി. ആയി ഏൽപ്പിച്ച പ്രസ്തുത പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കില മുഖേന നടപ്പിലാക്കുന്ന 3 കോടി രൂപ സ്കൂളുകളുടെ ഡി.എസ്.ആർ 2018 പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ കില സ്വീകരിച്ചുവരുന്നു. |
| (സി) | ഉണ്ടെങ്കിൽ പ്രവൃത്തി വേഗത്തിൽ തുടങ്ങാൻ നടപടി സ്വീകരിക്കുമോ? | (സി) | പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന മുറയ്ക്ക് പരിശോധിച്ച ശേഷം, നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി തൃപ്തികരമാകുന്ന പക്ഷം അവയ്ക്ക് അംഗീകാരം നൽകുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ